(ബി) പ്രസ്തുത നടപടികളുടെ ഫലമായി കൈപ്പാട് കൃഷി വികസനത്തിൽ എന്തു പുരോഗതിയാണ് പ്രകടമായതെന്ന് വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ ഭൂമിയിലാണ് കൈപ്പാട് കൃഷി വ്യാപിപ്പിച്ചിട്ടുള്ളത് ;

(ഡി) ഈ വർഷം കൈപ്പാട് കൃഷിവികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ–ഡി) വിവരം ശേഖരിച്ചു വരുന്നു.

കാർഷിക സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടി

166(2422) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സ്വയംപര്യാപ്തത കൈവരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; എത്ര ശതമാനം വിജയം ഇക്കാര്യത്തിൽ കൈവരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിക്കുവാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷിക സ്വയം പര്യാപ്തത കൈവരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭക്ഷ്യോല്പാദനവും, ഉല്പാദനക്ഷമതയും കർഷക വരുമാനവും വർദ്ധിപ്പിച്ച് കാർഷിക സ്വയം പര്യാപ്ത എന്ന ലക്ഷ്യത്തോടു കൂടി വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(എ) തരിശുനില കൃഷി

(ബി) കതനെൽകൃഷി

(സി) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

(ഡി) വിദ്യാലയങ്ങളിലെ നെൽക്കൃഷി

(ഇ) ഭക്ഷ്യസുരക്ഷാ പദ്ധതി

(എഫ്) നെൽകൃഷി പലിശരഹിത വായ്പ

(ജി) നെല്ല് സംഭരണം

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നെൽ കർഷകർക്ക് ഇൻഷ്വറൻസ്

(ഐ) നെൽ കർഷകർക്ക് ഗ്രീൻ കാർഡ്

(ജെ) നെൽവയൽ നീർത്തട സംരക്ഷണ നിയമം

(കെ) പ്രത്യേക നെല്ലുല്പാദക മേഖലകൾക്കായി പദ്ധതികൾ

(എൽ) കർഷക കൂട്ടായ്മയിലൂടെ കേരകൃഷി വികസനം

(എം) പച്ച തേങ്ങ സംഭരണം

(എൻ) തെങ്ങുകൃഷിക്കായുള്ള കേരശ്രീ പദ്ധതി

(ഒ) ചെറുകിട കൃഷിയിടങ്ങളിലെ കേരകൃഷി

(പി) ആയിരം പച്ചക്കറി ഗ്രാമങ്ങൾ

(ക്യു) ഹരിതശ്രീ പദ്ധതി

(ആർ) നാളികേര വിള ഇൻഷ്വറൻസ് പദ്ധതി

(എസ്) ഫലശ്രീ പദ്ധതി

(റ്റി) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

(വി) കാർഷിക യന്ത്രവൽക്കരണം

(ഡബ്ല്യു) കാർഷിക വിപണികൾ ശക്തിപ്പെടുത്തൽ

(എക്സ്) ബയോഗ്യാസ് പദ്ധതി

ഇതിനു പുറമേ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേനയുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) 2011-12-ലെ പുതിയ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>ലാന്റ് ബാങ്ക് പദ്ധതി</u> :

സംസ്ഥാനത്തെ കൃഷി ഉപയോഗയോഗ്യമായ ഭൂമി തരിശിടുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി അത്തരം ഭൂമി സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവന്ന് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ് ലാന്റ് ബാങ്ക് പദ്ധതി. ഭൂമിയുടെ ഉടമസ്ഥാവകാശം ത്യജിക്കാതെ തന്നെ ഒരു ഏജൻസിയെ ഈ ഭൂമി ഏൽപ്പിക്കുന്നത് വഴി ഭൂഉടമയ്ക്ക് ചെറിയ തോതിൽ ആദായവും ലഭ്യമാകുന്നു. ഇത്തരത്തിൽ ലഭ്യമാക്കുന്ന കൃഷി ഭൂമി കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരേയോ സ്വയം സഹായ സംഘങ്ങളെയോ ഏൽപ്പിച്ച് കൃഷി ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. അരി ശ്രീ പദ്ധതി : നെൽകൃഷിക്കായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.

3. കാലാവസ്ഥാ വ്യതിയാനം നിമിത്തമുള്ള വിള പരിപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 300 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

കാർഷിക യന്ത്രങ്ങൾ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

167(2423) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) കാർഷിക മേഖലയിലെ യന്ത്രവ്യാപനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ചെറുകിട കാർഷിക യന്ത്രങ്ങൾ വാങ്ങിക്കാൻ നൽകിവരുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക യന്ത്രങ്ങൾ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടയ്ക്ക് നൽകുന്നതിലേക്കായി കെയ്കോയുടെ ജില്ലാ ഓഫീസുകളിൽ കസ്റ്റം ഹയറിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും ട്രാക്ടർ, പവർ ടില്ലർ, കമ്പയിൻ ഹാർവസ്റ്റർ, റൈസ് ട്രാൻസ്പ്ലാന്റർ, എന്നീ യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നു. കൊയ്ത്ത് കാലത്ത് കമ്പയിൻ ഹാർവസ്റ്റർ ലഭ്യമാക്കിയതിന്റെ ഫലമായി കുട്ടനാട്, തൃശ്ശൂർ കോൾ പാടശേഖരം, പാലക്കാട് ജില്ലയിലെ പാടശേഖരങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളി ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിലേക്കായി കർഷക തൊഴിലാളികളെ ആധുനിക കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ടതായ പരിശീലനം നൽകി ഒരു ലേബർ ബാങ്ക് ആരംഭിക്കുന്നതിന് കെയ്കോ സമർപ്പിച്ച 115 ലക്ഷം രൂപയുടെ ഒരു ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കാർഷിക മേഖലയിൽ യന്ത്രവ്യാപനത്തിനായി കേരള കൃഷി വകുപ്പും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള എല്ലാ കാർഷിക യന്ത്രോപകരണങ്ങളും സബ്സിഡി നിരക്കിൽ കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ മൈക്രോ

LIBRARY ARCHIVES Kerala Legislative Assembly